**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 205** **23-08-2022 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | (എ) | **ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലിവിലുള്ള കിടക്കകളുടെ എണ്ണം 204 ആണ്.**<br>കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല. |
| (ബി) | ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | **ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലിവിലുള്ള കിടക്കകളുടെ എണ്ണം 204 ആണ്.**<br>കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല. |
| (സി) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (സി) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>ക്രമ നം<br>തസ്തിക<br>ഒഴിവ്<br>റിമാർക്സ്<br>1<br>കൺസൽട്ടന്റ് ഇ.എൻ.റ്റി<br>1<br>സ്ഥാനക്കയറ്റം വഴി ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>2 |

കൺസൾട്ടന്റ് മെഡിക്കൽ ഓഫീസർ

1

നിയമനം നടത്തിയിട്ടുണ്ട്.

3

ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ് II

2

ഡയാലിസിസ് ടെക്നീഷ്യൻമാരുടെ യോഗ്യത, നിയമന രീതി എന്നിവ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

4

നഴ്സിംഗ് അസിസ്റ്റന്റ്

1

നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5

ഹോസ്പിറ്റൽ അറ്റൻഡന്റ്

4

നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6

കുക്ക്

2

നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7

ധോബി

1

നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | 8<br><br>പി.റ്റി.സി<br><br>1<br><br>നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ അനുവദിച്ച സർജറി കൺസൾട്ടന്റ് തസ്തികയ്ക്ക് പകരം നിലവിൽ ഇ.എൻ.ടി കൺസൾട്ടന്റ് ആണ് ഉള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കൺസൾട്ടന്റ് സർജറിയ്ക്ക് പകരം ഇ.എൻ.ടി കൺസൾട്ടന്റ് തസ്തികയാണ് നിലവിൽ ഉള്ളത് . |
| (ഇ) | സർജറി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റ് ഇല്ലാത്തതു മൂലം സർജറി കേസ്സുകളുടെ എണ്ണത്തിൽ കുറവുണ്ടായത് പരിഗണിച്ച് പ്രസ്തുത തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ഇ) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കൺസൾട്ടന്റ് സർജറിയ്ക്ക് പകരം ഇ.എൻ.ടി കൺസൾട്ടന്റ് തസ്തികയാണ് നിലവിൽ ഉള്ളത് . |
| (എഫ്) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ആയതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ